## പതിനാലാം കേരള നിയമ സഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1596 07- 03 - 2018-ൽ മറുപടിക്ക്.

## സി. ഡിറ്റ് - ജീവനക്കാര്യം

ചോദ്യം

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ.

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സി.ഡിറ്റ്, 2012-ലെ ടെണ്ടറിൽ പങ്കെടുത്ത് പ്രോജക്ട് നേടിയെങ്കിലും ഇത്ര വർഷമായിട്ടും മോട്ടോർ വാഹന വകുപ്പ് എന്തുകൊണ്ടാണ് കരാർ പുതുക്കി നൽകാത്തതെന്നും ആയത് എപ്പോഴാണ് പുതുക്കി നൽകുന്നതെന്നും വ്യക്തമാക്കാമോ; | (എ) | 2018-2021 കാലയളവിലെ എഫ്.എം.എസ്.-എം.വി.ഡി പ്രോജക്ട് കരാർ സി-ഡിറ്റും മോട്ടോർവാഹന വകുപ്പും തമ്മിൽ 01.02.2018-ൽ ഒപ്പുവച്ചിട്ടുണ്ട്. |
| (ബി) | സി.ഡിറ്റിലെ ജീവനക്കാർക്കും,എഫ്.എം.എസ്.-എം.വി.ഡി പ്രോജക്റ്റിലെ ജീവനക്കാർക്കും മിനിമം വേജ് അനുവദിക്കുമോ; | (ബി) | സി-ഡിറ്റിലെ ജീവനക്കാർക്ക് അവരുടെ നിയമനവ്യവസ്ഥ പ്രകാരമുള്ള വേതനവും എഫ്.എം.എസ്- എം.വി.ഡി പ്രോജക്റ്റിലെ കരാർ ജീവനക്കാർക്ക് കരാർ പ്രകാരമുള്ള വേതനവുമാണ് നൽകിവരുന്നത്. |
| (സി) | സി.ഡിറ്റിലെ എഫ്.എം.എസ്. - എം.വി.ഡി പ്രോജക്ട് ജീവനക്കാർക്ക് മാസത്തിൽ ഒരു ലീവ് എന്നതിനു പകരം സി.ഡിറ്റിലെ എല്ലാ ജീവനക്കാർക്കും ഒരേ പോലെ ലീവ് എന്നത് നടപ്പാക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഡി) | എഫ്.എം.എസ്. - എം.വി.ഡി പ്രോജക്ട് ജീവനക്കാർക്ക് 9 മണിക്കൂർ ജോലി സമയം എന്നത് 8 മണിക്കൂർ ആക്കുകയോ ഓവർടൈം കൊടുക്കുകയോ ചെയ്യുമോ; | (ഡി) | മോട്ടോർ വാഹനവകുപ്പുമായുള്ള പ്രോജക്ടിലെ കരാർ വ്യവസ്ഥകൾ പ്രകാരമാണ് ജോലി സമയക്രമം നിശ്ചയിട്ടുള്ളത്. ഓവർടൈം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | സി.ഡിറ്റിൽ 5 വർഷം സർവ്വീസ് പൂർത്തീകരിച്ച ജീവനക്കാരെ പ്രോജക്ട്, കോൺട്രാക്ട്, ഡെയിലി വേജ്, ഡോകറ്റ് തുടങ്ങിയ വിഭാഗത്തിൽ പെർമനെന്റ് ആക്കുവാൻ സാധിക്കുമോ; | (ഇ) | ഇല്ല. |
| (എഫ്) | സി.ഡിറ്റിലെ എഫ്.എം.എസ്. - എം.വി.ഡി പ്രോജക്ട് ജീവനക്കാർക്ക്ശമ്പളം 40 മുതൽ 45 ദിവസക്കാലയളവിലാണ് ലഭിക്കുന്നതെന്നും എന്നാൽ ഇതേ പ്രോജക്ടിൽ ജോലി ചെയ്യുന്ന സി.ഡിറ്റിലെ കോൺട്രാക്ട് എംപ്ലോയീസിന് 15 ദിവസത്തെ അഡ്വാൻസ് ശമ്പളമാണ് ലഭിക്കുന്നതെന്നുമുള്ള സാഹചര്യത്തിൽ ഇത് പരിഹരിച്ച് എല്ലാ ജീവനക്കാർക്കും ഒരു പോലെ ശമ്പളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | എഫ്.എം.എസ് - എം.വി.ഡി പ്രോജക്ടിലെ ജീവനക്കാർക്ക് എല്ലാ മാസവും അറ്റൻഡൻസ് പ്രകാരമുള്ള പ്രതിമാസ വേതനമാണ് നൽകുന്നത്. 40-45 ദിവസകാലയളവിൽ വേതനം നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ